**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - 11-ാം വാർഡിൽ ഉൾപ്പെട്ട മഠത്തിൽകുന്ന് പ്രദേശത്ത് നിർമ്മിച്ച അംഗൻവാടിയുടെ ഉദ്ഘാടനം - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 710/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 26/03/2019

പരാമർശം:- 1. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ 29/12/2018 ന് നടന്ന സാധാരണ മീറ്റിംഗിലെ 18-ാം നമ്പർ തീരുമാനം.

2. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.12.2018 ലെ കത്ത്.

3. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.01.2019 ലെ എ 5-441/2019 നമ്പർ കത്ത്.

**ഉത്തരവ്**

പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ 11-ാം വാർഡിൽ ഉൾപ്പെട്ട മഠത്തിൽകുന്ന് പ്രദേശത്ത് 14 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച അംഗനവാടിയുടെ ഉദ്ഘാടനം 2019 ജനുവരി 3-ാം തീയതി വൈകുന്നേരം 3 മണിക്ക് ബഹു.ഗ്രാമവികസന വകുപ്പ് മന്ത്രി നിർവ്വഹിക്കുന്നുവെന്നും പ്രസ്തുത പരിപാടിയുടെ നടത്തിപ്പ് ചെലവിലേക്കായി 25,000/- (ഇരുപത്തി അയ്യായിരം രൂപ) പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ചെലവിനം സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം 39,120/- ചെലവായതായും ജനുവരി 17-ാം തീയതിയാണ് ഉദ്ഘാടനം നടന്നതെന്നും പരാമർശം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റിപ്പോർട്ട് നൽകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ 11-ാം വാർഡിൽ ഉൾപ്പെട്ട മഠത്തിൽകുന്ന് പ്രദേശത്ത് നിർമ്മിച്ച അംഗനവാടിയുടെ ഉദ്ഘാടനത്തിന് ചെലവായ 39,120/- (മുപ്പത്തി ഒൻപതിനായിരത്തി നൂറ്റി ഇരുപത്) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി / പ്രസിഡന്റ്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ